ചോദ്യോത്തരം
**മുജീബ്**

# മതഗ്രന്ഥങ്ങൾ അടിസ്ഥാനമാക്കി
# മൂന്ന് സംശയങ്ങൾ

■ ***സായി കിരൺ***

*1. ദൈവം എല്ലാം മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെന്ന് മതപുസ്തകങ്ങൾ. ഒപ്പം മനുഷ്യന് എല്ലാം തീരുമാനിക്കാൻ വിവേകവും ബുദ്ധിയും കൊടുത്തതായും പറയുന്നു.*

*2. നമ്മൾ ജനിക്കുന്നതിന് മുമ്പ് തന്നെ സ്വർഗത്തിലെത്തുമോ എന്ന് ദൈവം തീരുമാനിച്ചിട്ടുണ്ടത്രെ. ഒരാൾ ജനിക്കും മുമ്പ് തന്നെ അയാളെ ശരിയിലേക്കോ തെറ്റിലേക്കോ തള്ളിവിടുന്നത് ദൈവമോ?*

*3. നല്ല വഴിക്ക് നടത്തേണ്ടവരെയും ചീത്തവഴിക്ക് നടത്തേണ്ടവരെയും ദൈവം മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടത്രെ. ചീത്തവഴിക്ക് നടക്കുന്നവരെ നരകത്തിലിട്ട് ശിക്ഷിക്കുമെന്നും പറയുന്നു. രണ്ടും ദൈവം ചെയ്യുന്നെങ്കിൽ ഇതെല്ലാം എങ്ങനെ ഒത്തുപോവും?*

**സ**ത്യാന്വേഷികളെ സംശയ ഗ്രസ്തരാക്കുകയും സത്യനിഷേധികൾ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ആയുധമാക്കുകയും ചെയ്യുന്ന ഈ ചോദ്യങ്ങൾ പുതിയതല്ല. അവക്ക് മത പണ്ഡിതന്മാരും ചിന്തകരും അവധാനപൂർവം മറുപടികൾ നൽകാതിരുന്നിട്ടുമില്ല.

അടിസ്ഥാനപരമായി ഈ മൂന്ന് ചോദ്യങ്ങളും ദൈവ വിശ്വാസവുമായി ബന്ധപ്പെട്ടതാണ്. സ്രഷ്ടാവും രക്ഷകനും പരിപാലകനും സർവജ്ഞനും സർവശക്തനുമായ, ന്യൂനതകളിൽ നിന്നും വീഴ്ചകളിൽ നിന്നും പൂർണമായി മുക്തനായ, കരുണാവാരിധിയും നീതിമാനുമായ ദൈവത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ മൂന്ന് ചോദ്യങ്ങൾക്കും പ്രസക്തിയില്ല. ഇല്ലെങ്കിൽ ചോദ്യങ്ങൾക്ക് അർഥവുമില്ല. ഇല്ലാത്ത ദൈവം ചെയ്യുന്ന കാര്യങ്ങൾ ചർച്ചാ വിഷയമാക്കുന്നതിൽ എന്തർഥം? സർവജ്ഞനും സർവശക്തനുമായൊരു സ്രഷ്ടാവ് ഉണ്ടെങ്കിൽ അവന് മനുഷ്യരുടെ ഒരു പരിമിതിയും പരിധിയും ബാധകമായിക്കൂടാ. അവൻ ത്രികാല ജ്ഞാനിയും ഇഛിക്കുന്നതെന്തും ചെയ്യാൻ കെൽപുറ്റവനും ചോദ്യം ചെയ്യപ്പെടാതെ അനുസരിക്കപ്പെടുന്നവനും ആയിരിക്കണം. മനുഷ്യനെ പോലെ സംഭവം നടക്കുമ്പോൾ മാത്രം അറിയുന്നവനും ഭാവി കാര്യങ്ങളെക്കുറിച്ചൊന്നും അറിയാത്തവനും സൃഷ്ടികളുടെ വ്യവഹാരങ്ങളെ നിയന്ത്രിക്കാൻ കഴിവില്ലാത്തവനുമായ ഒരു ശക്തിക്ക് പ്രപഞ്ചത്തിന്റെ സൃഷ്ടി, സ്ഥിതി, സംഹാരം കൈയാളാൻ സാധിക്കുന്നതെങ്ങനെ? മനുഷ്യൻ പോലും തന്റെ അറിവിന്റെ എല്ലാ പരിമിതികളിലും നിന്നുകൊണ്ട് ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് കൊണ്ടാണ് ലോകത്ത് ഒരു വ്യവസ്ഥ നിലനിൽക്കുന്നതും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതും. ദൈവം പക്ഷേ മനുഷ്യരിൽനിന്ന് വ്യത്യസ്തമായി സമ്പൂർണവും തെറ്റ് പറ്റാത്തതുമായ ജ്ഞാനത്തിന്റെ ഉടമയും അതനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ ശേഷിയുള്ളവനുമാണ്. അതുകൊണ്ടാണ് ലോകാരംഭം മുതൽ അവസാനം വരെ ജനിക്കാനിരിക്കുന്ന ഓരോ കുഞ്ഞിനെക്കുറിച്ചും അവൻ എപ്പോൾ എവിടെ എങ്ങനെ പിറക്കുമെന്നും എപ്പോൾ മരിക്കുമെന്നും ജനന-മരണങ്ങൾക്കിടയിൽ അവൻ ആരാവുമെന്നും എന്തൊക്കെ ചെയ്യുമെന്നും ദൈവത്തിന് കണിശമായും കൃത്യമായും അറിയുമെന്നും അവനറിയുന്നതിൽനിന്ന് കടുകിട വ്യത്യസ്തമായി ഒന്നും സംഭവിക്കുകയില്ലെന്നും വേദഗ്രന്ഥങ്ങൾ പറയുന്നത്. പ്രപഞ്ചത്തിൽ ഏതെല്ലാം ചരാചരങ്ങളുണ്ടെന്നും അവയുടെ നിലനിൽപിനാവശ്യമായതെന്തൊക്കെയെന്നും വായുവും വെള്ളവും വെളിച്ചവും എത്ര അള

# സോളിഡാരിറ്റിയുടേത് പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ?

■ **എ. ഉമർ വെങ്ങന്നൂർ**

*മാവോയിസ്റ്റുകൾ മുതൽ കമ്യൂണിസ്റ്റ് വിപ്ലവ മുന്നേറ്റങ്ങൾ വഴി ശാസ്ത്ര സാഹിത്യ പരിഷത്തിൽ വരെ എത്തി നിൽക്കുന്ന ആക്ടിവിസ-വിപ്ലവ സമരങ്ങളെ സർക്കാറുകൾക്കും സമൂഹത്തിനും നേരെയുള്ള കലാപങ്ങളെന്ന പഴയ വീഞ്ഞ് തങ്ങൾ കഴുകി വൃത്തിയാക്കിയ പുതിയ കുപ്പിയിലാക്കി എന്നതിനപ്പുറം മറ്റു പുതുമകളൊന്നും സോളിഡാരിറ്റി വിപ്ലവത്തിനില്ല. ഒന്നും ചെയ്യാനുമായിട്ടില്ല. അമേരിക്കയിലെ ഗ്രീൻ സൊസൈറ്റികൾ തയാറാക്കുന്ന അജണ്ടകൾക്ക് കേരളത്തിൽ സ്പോൺസർഷിപ്പ് നൽകാൻ പാടുപെടുന്നതിലാണ് സോളിഡാരിറ്റിയുടെ സാഹസികത. അതിന്റെ ആയുസ്സും ആവേശവും എവിടെയെത്തുമെന്നും, ഇന്ന് ജമാഅത്തെ ഇസ്‌ലാമി എന്ന പ്രഫഷണൽ രാഷ്ട്രീയ സംഘടനക്ക് ഏത് വിധത്തിലുള്ള പ്രകമ്പനങ്ങൾ നടത്താൻ കഴിയുമെന്നും നമുക്ക് കാത്തിരുന്ന് കാണാം (വിചിന്തനം വാരിക 2013 ഏപ്രിൽ 26).*
*മുജീബിന്റെ പ്രതികരണം?*

**ജി**ന്ന്, സിഹ്റ്, തറാവീഹ് റക്അത്തുകളുടെ എണ്ണം, മാസപ്പിറവി, തശഹുദിലെ വിരലനക്കം, നമസ്കാരത്തിലെ കൈകെട്ട് തുടങ്ങിയ 'രാഷ്ട്രാന്തരീയ ഇസ്‌ലാമിക വിഷയങ്ങളെ' ചൊല്ലി പള്ളിയിലും പള്ളിക്കൂടങ്ങളിലും തെരുവുകളിലും പത്രപംക്തികളിലും വിവാദങ്ങളും വാഗ്വാദങ്ങളും നടത്തുന്ന സലഫീ പാത പൂർണമായി കൈയൊഴിഞ്ഞ് ഭൂമിക്കും വായുവിനും വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടി പോരാടുന്ന സോളിഡാരിറ്റിയുടെ മഹാ പാപം പൊറുപ്പിക്കാവുന്നതാണോ! തീർച്ചയായും നമ്മുടെ സലഫി സംഘടനകൾ സൃഷ്ടിക്കുന്ന പ്രകമ്പനങ്ങൾ ഇസ്‌ലാമിനെയും സമുദായത്തെയും എവിടെ എത്തിക്കുമെന്ന് കാണാൻ കാത്തിരിക്കുക പോലും വേണ്ടതില്ല. ■

വിൽ എവിടെയൊക്കെ എത്രകാലം വേണമെന്നും സ്രഷ്ടാവിന് അറിയില്ലെങ്കിൽ പ്രപഞ്ചം സഷ്ടിക്കപ്പെടുമായിരുന്നില്ല, സൃഷ്ടിക്കപ്പെട്ടാൽ നിലനിൽക്കുകയും ചെയ്യുമായിരുന്നില്ല. തെറ്റ് പറ്റുക അസംഭവ്യമായ ദൈവികജ്ഞാനത്തിന്റെ ഭാഗമാണ് മനുഷ്യരുടെ ഭാഗധേയത്തെക്കുറിച്ച അവന്റെ അറിവും.

ഇതര സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി വിശേഷബുദ്ധിയുള്ള മനുഷ്യനെ ദൈവം സൃഷ്ടിച്ചതിന്റെ അനിവാര്യതയാണ് അവന്റെ സ്വാതന്ത്ര്യവും വിവേകവും. പക്ഷേ എന്തൊക്കെയായാലും അവൻ സ്രഷ്ടാവല്ല, സൃഷ്ടിയാണ്. അതിനാൽ അവന്റെ സ്വാതന്ത്ര്യത്തിനും ബുദ്ധിക്കും പരിമിതികളുണ്ട്. അവന്റെ പരിമിതികളെക്കുറിച്ച് ഏറ്റവും നന്നായറിയാവുന്ന സ്രഷ്ടാവ് അതിന്റെ പേരിൽ അവനെ പാപിയാക്കുകയോ ശിക്ഷാർഹനായി വിധി എഴുതുകയോ നരകത്തിലേക്ക് തള്ളുകയോ ചെയ്യുന്നില്ല. മനുഷ്യന് സ്വാതന്ത്ര്യം നൽകപ്പെട്ട കാര്യങ്ങളിൽ മാത്രം, അവന്റെ തന്നെ ഗുണത്തിനു വേണ്ടി ഒരു പെരുമാറ്റച്ചട്ടം നിഷ്കർഷിക്കുകയാണ് ദൈവം ചെയ്തിരിക്കുന്നത്. ആ പെരുമാറ്റച്ചട്ടം ലംഘിക്കുന്നതുപോലും മനഃപൂർവമല്ലെങ്കിൽ ദൈവം മാപ്പാക്കും. ധിക്കാരപൂർവം ജീവിതാവസാനം വരെ തിന്മകളിൽ ഉറച്ചുനിൽക്കാൻ തീരുമാനിച്ചവരെയാണ് ദൈവം പാപികളായി പ്രഖ്യാപിച്ച് നരകത്തിലേക്ക് തള്ളുന്നത്. അപ്പോഴും ആരാണ് നല്ലവരെന്നോ ആരാണ് ചീത്തയാളുകളെന്നോ ദൈവം ആർക്കും പറഞ്ഞുകൊടുത്തിട്ടില്ല. നൂറ് പേരെ കൊന്ന കൊടുംപാതകിക്ക് പോലും അവസാന ശ്വാസം വരെ പശ്ചാത്തപിച്ചു നല്ലവനായിത്തീരാനുള്ള വാതിൽ തുറന്നുവെച്ചിരിക്കുകയാണവൻ. ഒരിക്കലും തന്റെ ദാസരോട് അണുഅളവ് അനീതി കാണിക്കുന്നവനല്ല ദൈവം എന്ന് വേദഗ്രന്ഥങ്ങൾ അസന്ദിഗ്ധമായി ബോധ്യപ്പെടുത്തിയിരിക്കെ അനീതിയെക്കുറിച്ച എല്ലാ ചിന്തകളും കേവലം പൈശാചിക ദുർബോധനങ്ങളാണ്. ■

## അറിയിപ്പ്

'ഗസ്സ: പ്രതിരോധത്തിന്റെ പാഠശാല' സി. ദാവൂദിന്റെ യാത്രാ വിവരണം ഈ ലക്കം ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

**എഡിറ്റർ**

# ലൈംഗികാരാജകത്വത്തിന് യു.എൻ പച്ചക്കൊടി

■ *എം. നൗഷാദ് പുലാപ്പറ്റ*

*"യു.എൻ രേഖ പൂർണമായും അനിസ്‌ലാമികമാണെന്ന് പ്രഖ്യാപിച്ച ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡ് ഇത് സമൂഹത്തിന്റെ പൂർണ അധഃപതനത്തിലേക്ക് നയിക്കുമെന്നാണ് അഭിപ്രായപ്പെട്ടത്. ബ്രദർഹുഡിൽനിന്ന് ആ രാജ്യത്തെ സ്ത്രീകൾക്ക് ഏറെയൊന്നും പ്രതീക്ഷിക്കാനില്ലെന്ന് ഈ സമീപനം വ്യക്തമാക്കുന്നു. ഈജിപ്തിൽ 83 ശതമാനം സ്ത്രീകളും ലൈംഗിക പീഡനത്തിനിരയാകുന്നുവെന്നാണ് കണക്ക്. മുബാറക് ഭരണത്തിനെതിരെ തഹ്‌രീർ സ്വകയറിൽ രാപ്പകൽ നടത്തിയ സമരത്തിന്റെ മുൻ നിരയിൽ അസാധാരണമായ സ്ത്രീസാന്നിധ്യമുണ്ടായിരുന്നു. എന്നാൽ പ്രക്ഷോഭത്തിൽ പങ്കെടുത്ത സ്ത്രീകൾ പലരും കൂട്ട മാനഭംഗത്തിനിരയായി. പുരുഷന്മാർക്കിടയിൽ എന്തിനു പോയെന്നായിരുന്നു പിന്നീട് വന്ന മുഹമ്മദ് മുർസിയുടെ സർക്കാറിന്റെ ചോദ്യം" (സ്ത്രീകൾക്കായൊരു മാഗ്നകാർട്ട- ഒ. രാധിക, മാതൃഭൂമി 22.4.2013). ഇതിൽ എത്രത്തോളം വസ്തുതയുണ്ട്? മുജീബിന്റെ പ്രതികരണം?*

സ്ത്രീ സമത്വത്തിന്റെയും അവകാശസംരക്ഷണത്തിന്റെയും മറവിൽ സകലമാന സദാചാര മൂല്യങ്ങളെയും സാന്മാർഗികതയെയും നിരാകരിക്കുകയും പവിത്ര കുടുംബജീവിതത്തെ തകർക്കുകയും ചെയ്യുന്ന പാശ്ചാത്യ സംസ്കൃതി ഐക്യരാഷ്ട്ര സംഘടനകളുടെയും പ്രമാണങ്ങളുടെയും പേരിൽ ലോകത്തിനുമേൽ അടിച്ചേൽപിക്കാനുള്ള ആസൂത്രിത നീക്കമാരംഭിച്ചിട്ട് വർഷങ്ങളായി. കയ്റോ, ഇസ്തംബൂൾ, ബീജിംഗ് പോലുള്ള നഗരങ്ങളിൽ ചേർന്ന യു.എൻ സമ്മേളനങ്ങളിൽ അംഗീകരിക്കപ്പെട്ട രേഖകളാണ് ഇതിന്നാധാരമാക്കുന്നത്. ഏറ്റവുമൊടുവിൽ ന്യൂയോർക്കിൽ 2013 മാർച്ച് 4-15 ചേർന്ന സി.എസ്.ഡബ്ല്യു 57 സമ്മേളനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള ഹിംസയുടെ സർവ രൂപങ്ങളെയും ചെറുക്കാനും ഉന്മൂലനം ചെയ്യാനുമുള്ള കരട് രേഖയാണ് ചർച്ച ചെയ്തത്. പ്രസ്തുത രേഖയിലെ ചില ഖണ്ഡികകളെ ഈജിപ്ഷ്യൻ പ്രതിനിധികൾ എതിർത്തതിനെക്കുറിച്ചാണ് *മാതൃഭൂമി* ലേഖനത്തിലെ പരാമർശങ്ങൾ. ഈജിപ്തിന് മാത്രമല്ല, ഇസ്‌ലാമിക സംസ്കാരത്തിനും ശരീഅത്തിനും നേരിയ പരിഗണനയെങ്കിലും നൽകുന്ന ഒരു രാജ്യത്തിനും അംഗീകരിക്കാൻ കഴിയാത്തതാണ് പ്രസ്തുത ഖണ്ഡികകൾ. ഉദാഹരണത്തിന് ചിലത്:

- ബഹുഭാര്യാത്വം, ഇദ്ദ, വിവാഹത്തിലെ രക്ഷാകർതൃത്വം, മഹ്ർ, കുടുംബത്തിനു ജീവനാശം നൽകാനുള്ള പുരുഷന്റെ ബാധ്യത, മുസ്‌ലിം സ്ത്രീ അമുസ്‌ലിം ഭർത്താക്കളെ സ്വീകരിക്കൽ തുടങ്ങിയ എല്ലാ ശരീഅത്ത് വ്യവസ്ഥകളും റദ്ദാക്കേണ്ടതാണ്.
- യാത്രക്കും തൊഴിലിനും, പുറത്തുപോവാനും, ഗർഭനിരോധ മാർഗങ്ങൾ സ്വീകരിക്കാനും പുരുഷന്റെ അനുമതി സ്ത്രീ തേടിയിരിക്കണമെന്ന വ്യവസ്ഥ റദ്ദാക്കണം.
- വിവാഹമോചനത്തിനുള്ള പുരുഷന്റെ അവകാശം എടുത്തുകളഞ്ഞ് അത് കോടതിക്ക് വിടേണ്ടതാണ്.
- ഭർത്താവിനുമേൽ ബലാത്സംഗക്കുറ്റം ചുമത്തി കേസ് എടുക്കാൻ ഭാര്യക്ക് അവകാശമുണ്ടായിരിക്കണം. ശിക്ഷ മറ്റെല്ലാ ബലാത്സംഗ കുറ്റവാളികളുടേതിനും തുല്യവുമായിരിക്കണം.
- സ്ത്രീക്ക് സ്വവർഗ വിവാഹം ഉൾപ്പെടെ പങ്കാളിയെ തെരഞ്ഞെടുക്കാൻ പൂർണ സ്വാതന്ത്ര്യം.
- കൗമാര പ്രായക്കാരികൾക്ക് ഗർഭനിരോധ ഗുളികകൾ ഉപയോഗിക്കാനും ഗർഭഛിദ്രത്തിനുമുള്ള പൂർണാവകാശം, അതിനുള്ള പരിശീലനം.
- വിവാഹബന്ധത്തിലുണ്ടായ സന്തതികൾക്ക് തുല്യമായ അവകാശം ജാര സന്തതികൾക്കും ഉറപ്പ് വരുത്തണം.
- സ്വവർഗ പ്രേമികൾക്ക് മറ്റെല്ലാവർക്കും തുല്യമായ അവകാശം, സ്വാതന്ത്ര്യം.

ചുരുക്കത്തിൽ അമേരിക്കയിലും യൂറോപ്പിലും അവരുടെ വഴിയെ പോകണമെന്നാഗ്രഹിക്കുന്ന എല്ലാ സമൂഹങ്ങളിലും പ്രകടമാവുന്ന ലൈംഗികാരാജകത്വം യു.എൻ രേഖകളിലൂടെ സദാചാരത്തിലും ധാർമികതയിലും വിശ്വസിക്കുന്ന മുസ്‌ലിം സമൂഹങ്ങളും അംഗീകരിക്കണമെന്നാണ് സ്ത്രീ പുരുഷ സമത്വത്തിന്റെയും സ്ത്രീ സംരക്ഷണത്തിന്റെയും മേൽവിലാസത്തിൽ ഇവർ ആവശ്യപ്പെടുന്നത്. അത് ഈജിപ്തിലെ മുർസിക്ക് മാത്രമല്ല, മാനവികതയിലും ധാർമികതയിലും വിശ്വസിക്കുന്ന ആർക്കും സ്വീകാര്യമാവില്ല. അതിന്റെ പേരിൽ ജനകീയ പ്രക്ഷോഭാനന്തരം ജനാധിപത്യാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാറിനെയും ജനപിന്തുണ തെളിയിച്ച മുസ്‌ലിം ബ്രദർഹുഡിനെയും അപവാദങ്ങൾ കൊണ്ട് പൊതിയുകയാണ്. ഇതിനവർ വഴങ്ങുന്ന പ്രശ്നമില്ല. ■